**കേരള സർക്കാർ**

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പത്തനംതിട്ട ജില്ല-കാലവർഷക്കെടുതിമൂലം നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് ആശ്വാസധനസഹായം വിതരണം ചെയ്യുന്നതിലേയ്ക്കായി പത്തനംതിട്ട ജില്ലാ കളക്ടർ ആവശ്യപ്പെട്ട അധിക തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡിആർഎഫ് - എ) വകുപ്പ്**

**സ.ഉ.( സാധാ)നം:3948/2018 /റവ.** **തിരുവനന്തപുരം, തീയതി, 25/9/2018**

---

പരാമർശം:- 1. സ.ഉ.(കൈ) നം. 13/2018/ദു.നി.വ .തീയതി 16/08/2018

2. സ.ഉ.(കൈ) നം. 314/18/റവ , തീയതി 24/08/2018

3. സ.ഉ.(സാധാ) നം. 3777/18 /റവ, തീയതി 08/09/2018

4. പത്തനംതിട്ട ജില്ലാ കളക്ടറുടെ 24.09.2018-ലെ DCPTA/DM1/181228/2018 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) പ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി 10,000/- രൂപ സർക്കാർ പ്രഖ്യാപിക്കുകയും അതിൽ 6,200/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നൽകുന്നതിനായി ഉത്തരവാകുകയും ചെയ്തു. തുടർന്ന് സൂചന (2),(3) പ്രകാരം പത്തനംതിട്ട ജില്ലാ കളക്ടർക്ക് യഥാക്രമം 20.98 കോടി രൂപയും, 7,09,40,400 (ഏഴു കോടി ഒമ്പതു ലക്ഷത്തി നാൽപ്പതിനായിരത്തി നാനൂറ്) രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ആശ്വാസ ധനസഹായം വിതരണം ചെയ്യുന്നതിലേക്കായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

മേൽ അനുവദിച്ച തുകയ്ക്കു പുറമേ 4010 കുടുംബങ്ങൾക്ക് 6200/- രൂപ വീതം വിതരണം ചെയ്യുന്നതിന് 2,48,62,000/- ( രണ്ട് കോടി നാല്പത്തിയെട്ട് ലക്ഷത്തി അറുപത്തി രണ്ടായിരം) രൂപ ആവശ്യമുണ്ടെന്ന് സൂചന (4) പ്രകാരം പത്തനംതിട്ട ജില്ലാ കളക്ടർ ആവശ്യപ്പെട്ടതനുസരിച്ച് താഴെ പറയുന്ന രീതിയിൽ പത്തനംതിട്ട ജില്ലയിലെ 4010 കുടുംബങ്ങൾക്ക് ആകെ 2,48,62,000/- ( രണ്ട് കോടി നാല്പത്തിയെട്ട് ലക്ഷത്തി അറുപത്തി രണ്ടായിരം) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ആശ്വാസ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **ജില്ല** | **കുടുംബങ്ങളുടെ എണ്ണം** | **തുക** |
| --- | --- | --- |
| പത്തനംതിട്ട | 4010 | 2,48,62,000/- |

വിതരണത്തിനാവശ്യമായി വരുന്ന 2,48,62,000/- ( രണ്ട് കോടി നാല്പത്തിയെട്ട് ലക്ഷത്തി അറുപത്തി രണ്ടായിരം രൂപ) രൂപ 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തുക പത്തനംതിട്ട ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഗീത എൽ
സ്പെഷ്യൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, പത്തനംതിട്ട
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ & ഇ), കേരള, തിരുവനന്തപുരം
റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
റവന്യൂ (ഡിആർഎഫ്-ബി, സി വകുപ്പ്)
ദുരന്ത നിവാരണ ( എ/ബി) വകുപ്പ്
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Smitha. A.S.

സെക്ഷൻ ഓഫീസർ